കരാറടിസ്ഥാനത്തിൽ നിയമിച്ച ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെ സ്ഥിരപ്പെടുത്തണം എന്ന നിവേദനം

46 (3127)ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ 1994-ൽ കരാടിസ്ഥാനത്തിൽ നിയമിച്ച ഐ.സി.ഡി.എസ് സൂപ്പർവൈസർമാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) നിശ്ചിത വിദ്യാഭ്യാസ യോഗ്യതകൾ പാലിച്ചുകൊണ്ടാണോ കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളത്;

(സി) കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതും ജോലിയിൽ തുടരുന്നതുമായ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ എത്രകാലമായി സേവനം നടത്തിവരുന്നു;

(ഡി) ഇവർക്ക് സർക്കാർ ചെലവിൽ ട്രെയിനിംഗ് നൽകിയിട്ടുണ്ടോ; എങ്കിൽ ട്രെയിനിംഗ് നൽകുന്നതിനുവേണ്ടി സർക്കാർ എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. കരാർ അടിസ്ഥാനത്തിലുള്ള നിയമനം നിശ്ചിതകാലത്തേക്കു മാത്രം ഉദ്ദേശിച്ചുള്ളതായതിനാൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കുവാൻ കഴിയില്ല.

(ബി) അതെ.

(സി) ഇപ്പോൾ കരാറടിസ്ഥാനത്തിൽ ഈ വകുപ്പിൽ ജോലിയിൽ തുടർന്നുവരുന്ന സൂപ്പർവൈസർമാരുടെ സേവനം 1995 ജനുവരി മാസം മുതലാണ് ആരംഭിച്ചത്.

(ഡി) ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ളിക് കോർപ്പറേഷൻ ആന്റ് ചൈൽഡ് ഡെവലപ്മെന്റിന്റെ അംഗീകാരമുള്ള മിഡിൽ ലെവൽ പരിശീലന കേന്ദ്രത്തിലാണ് സൂപ്പർവൈസർമാർക്ക് ട്രെയിനിംഗ് നൽകുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഖജനാവിൽ നിന്നും ചെലവൊന്നും ഉണ്ടാകുന്നില്ല.

അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

47 (3128) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്;

(ബി) അംഗൻവാടി ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly